## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1390 | 15.6.2012-ൽ മറുപടിയ്ക്ക്

### കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ 'നിറവ്' പദ്ധതി

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. മോൻസ് ജോസഫ് | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നിറവ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) പ്രദേശത്തിന്റെയും മണ്ണിന്റെയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും വിളകളുടെ വിസ്തൃതി കൂടുന്നതിനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും മൂല്യ വർദ്ധനവിലൂടെയും ഉൽപന്ന വൈവിദ്ധ്യ വൽക്കരണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൃഷി അനുബന്ധമേഖലകളായ കാലിവളർത്തൽ, കോഴിവളർത്തൽ, മൽസ്യകൃഷി, കൂൺകൃഷി , തേനീച്ചവളർത്തൽ എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള വിത്ത് മുതൽ വിപണിവരെയുള്ള ഒരു സമഗ്ര കാർഷിക വികസന പദ്ധതിയാണ് നിറവ് .<br>സംസ്ഥാനത്തെ 9 ജില്ലകളിലെ 11 നിയോജമണ്ഡലങ്ങളിലേക്ക് പദ്ധതി നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ വർഷം പ്രസ്തുത പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു; | (ബി) | ഈ വർഷം പദ്ധതി 9 ജില്ലകളിലെ 11 നിയോജകമണ്ഡലങ്ങളിലെ പഞ്ചായത്തുകളിലാണ് നടപ്പാക്കുന്നത്. നിയോജക മണ്ഡലങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ജില്ല | നിയോജകമണ്ഡലം |
|---|---|---|
| 1 | കണ്ണൂർ | കൂത്തുപറമ്പ് |
| 2 | കോഴിക്കോട് | പേരാമ്പ്ര, നാദാപുരം ബാലുശ്ശേരി |
| 3 | വയനാട് | കല്പറ്റ |
| 4 | മലപ്പുറം | കോട്ടയ്ക്കൽ |
| 5 | തൃശ്ശൂർ | കൊടുങ്ങല്ലൂർ |
| 6 | എറണാകുളം | പറവൂർ |
| 7 | ഇടുക്കി | തൊടുപുഴ |
| 8 | ആലപ്പുഴ | ചെങ്ങന്നൂർ |
| 9 | കൊല്ലം | പത്തനാപുരം |

| | | | |
|---|---|---|---|
| (സി) | കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിറവ് പദ്ധതി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് PB2/10202/12 എന്ന ഫയൽ നമ്പർ പ്രകാരമുള്ള എം.എൽ.എ.-യുടെ നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ? | (സി) | പ്രസ്തുത നിവേദനം പരിഗണിക്കുകയും 'നിറവ്' പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ കടുത്തുരുത്തി നിയോജകമണ്ഡലം ഉൾപ്പെടുത്തുവാൻ തിരുമാനിക്കുകയും ചെയ്തിട്ടുണ്ട് . |

Snehams

**സെക്ഷൻ ഓഫീസർ**